# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 97* 20/01/2014 ൽ മറുപടിക്ക്

## സൗജന്യ സ്കൂൾ യൂണിഫോം വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. ഹംസ<br>,, കോടിയേരി ബാലകൃഷ്ണൻ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. ബി. സത്യൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | ഈ അദ്ധ്യയനവർഷം സംസ്ഥാനത്ത് സൗജന്യ സ്കൂൾ യൂണിഫോം വിതരണം നടത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ നാളിതുവരെ അതിന് കഴിയാതിരുന്നതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ ; | എ) | ഈ അദ്ധ്യയനവർഷം തന്നെ സംസ്ഥാനത്ത് സൗജന്യ സ്കൂൾ യൂണിഫോം വിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 1-8 വരെ ക്ലാസ്സുകളിൽ പഠിച്ചിരുന്ന APL വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് എസ്.എസ്.എ മുഖേന സൗജന്യ യൂണിഫോം വിതരണം ചെയ്തിരുന്നു. ആയത് ഈ വർഷം എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കൂടി സൗജന്യ യൂണിഫോം പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിരുന്നു. ആദ്യ സംരംഭമെന്ന നിലയിൽ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ കണക്ക് ശേഖരിക്കുന്നതിനും |

ഗുണമേന്മയുള്ള തുണിത്തരങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് കമ്പനികളെ എംപാനൽ ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സമയം വേണ്ടിവന്നതാണ് യൂണിഫോം വിതരണത്തിൽ കാലതാമസമുണ്ടാകാൻ കാരണം.

| | | | |
|---|---|---|---|
| ബി) | പൊതുവിദ്യാഭ്യാസ മേഖലയിൽ യൂണിഫോം നിഷ്കർഷിച്ചിട്ടുള്ളത് ഏതെല്ലാം ക്ലാസ്സുകളിലാണ്; മൊത്തം വേണ്ടി വരുമെന്ന് കണക്കാക്കപ്പെട്ട യൂണിഫോം എത്ര; അവ യഥാസമയം വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും വിശദമാക്കുമോ; | ബി) | പൊതുവിദ്യാഭ്യാസ മേഖലയിൽ ഗവ./എയ്ഡഡ് സ്കൂളുകളിൽ 1- മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യാനാണ് സർക്കാർ തീരുമാനം എടുത്തിട്ടുള്ളത്. ഏകദേശം 21 ലക്ഷത്തോളം വിദ്യാർത്ഥികളാണ് ഈ പദ്ധതിയുടെ ഉപഭോക്താക്കളാവുന്നത്. ഇതിനായി ടെണ്ടർ ഫോർമുലേഷൻ ആന്റ് ഇവാലേഷൻ കമ്മിറ്റി രൂപീകരിക്കുകയും 8 കമ്പനികളെ യൂണിഫോം വിതരണം ചെയ്യുന്നതിന് എംപാനൽ ചെയ്യുകയുമുണ്ടായി. ടി കമ്പനികളിൽ നിന്നോ, ഗുണമേന്മ ഉറപ്പുവരുത്തി പൊതു വിപണിയിൽ നിന്നോ തുണിത്തരങ്ങൾ വാങ്ങാനുള്ള അനുവാദം നിബന്ധനകളോടെ അതാത് |

| | | | |
|---|---|---|---|
| | | | സ്കൂൾ അധികാരികൾക്ക് നൽകിയിട്ടുണ്ട്. ആയതിലേക്കായി ആദ്യ ഗഡു തുക വിതരണം ചെയ്തിട്ടുണ്ട്. 2014 ജനുവരി 17 ന് മുമ്പ് എല്ലാ സ്കൂൾ അധികാരികളും യൂണിഫോമിന്റെ സപ്ളൈ ഓർഡർ നൽകി യൂണിഫോം മെറ്റീരിയൽസ് വാങ്ങാനും വിവരം ബന്ധപ്പെട്ട എ.ഇ.ഒ ഓഫീസിൽ അറിയിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | വിദ്യാഭ്യാസവർഷത്തിന്റെ അവസാനഘട്ടത്തിൽ യൂണിഫോം വാങ്ങി വിതരണം ചെയ്യുന്നതിന് സ്കൂൾ അധികൃതരെ ചുമതലപ്പെടുത്തിയ ിട്ടുണ്ടോ ; | സി) | 2014 ജനുവരി 17 ന് മുമ്പ് എല്ലാ സ്കൂൾ അധികാരികളും യൂണിഫോമിനു സപ്ളൈ ഓർഡർ നൽകി യൂണിഫോം മെറ്റീരിയൽസ് വാങ്ങാനും വിവരം ബന്ധപ്പെട്ട എ.ഇ.ഒ ഓഫീസിൽ അറിയിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഇതു സംബന്ധിച്ച് സ്കൂൾ അധികൃതർക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ; | (ഡി) | വിശദാംശം അനുബന്ധം I, II, III ആയി ചേർത്തിരിക്കുന്നു. |
| (ഇ) | സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വസ്ത്രധാരണ രീതിയിൽ സർക്കാർ നിയന്ത്രണങ്ങൾ വരുത്തിയിട്ടുണ്ടോ ; | (ഇ) | ഇല്ല |
| (എഫ്) | യൂണിഫോമിന് അനുവദിച്ച ഫണ്ട് അപര്യാപ്തമാണ് എന്ന പരാതി സ്കൂൾ അധികൃതരിൽ നിന്നും ഉണ്ടായിട്ടുണ്ടോ; ഇതു കാരണം യൂണിഫോം വിതരണം ഏറ്റെടുക്കുന്നതിൽ പ്രധാന അദ്ധ്യാപകർ വിമുഖത പ്രകടിപ്പിച്ചിട്ടുണ്ടോ ; | (എഫ്) | ഉണ്ട്. യൂണിഫോമിന് അനുവദിച്ച ഫണ്ട് അപര്യാപ്തമാണെന്ന കാരണത്താൽ യൂണിഫോം വിതരണം ഏറ്റെടുക്കുന്നതിന് ബദ്ധിമുട്ട് ഉണ്ടെന്ന് കാണിച്ച് ഏതാനും പരാതികൾ ലഭിച്ചിട്ടുണ്ട്. MHRD മാനദണ്ഡമനുസരിച്ച് രണ്ടു ജോഡി യൂണിഫോമിന് 400 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇത് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്. |

നിലവിൽ എസ്.എസ്.എ പദ്ധതിപ്രകാരം സർക്കാർ സ്കൂളുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്തുന്നുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിൽ പഠിക്കുന്ന ഇതേ കാറ്റഗറിയിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം എസ്.എസ്.എ ഫണ്ട് നിബന്ധനപ്രകാരം ലഭിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. വിവേചനപരമായ ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കുന്നതിനാണ് സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ബൃഹത്തായ സാമൂഹ്യക്ഷേമ പദ്ധതി എന്ന നിലയിൽ എസ്.എം.സി കളും, പി.റ്റി.എ കളും പരമാവധി സഹായ സഹകരണങ്ങൾ നൽകിയാൽ മാത്രമേ പദ്ധതി വിജയിപ്പിക്കാനാവുകയുള്ളൂ.

ജി) നിർദ്ദിഷ്ട മില്ലുകളിൽ നിന്നു തന്നെ തുണി വാങ്ങണമെന്ന് നിഷ്കർഷ ിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; ഇതിനായി തുണിമില്ലുകളെ തെരഞ്ഞെടുത്തത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങൾ എന്തായിരുന്നു ; ഇവ സമഗ്രമായി അന്വേഷിക്കുകയുണ്ടായോ ; വിശദമാക്കാമോ?

(ജി) നിർദ്ദിഷ്ട മില്ലുകളിൽ നിന്നുതന്നെ തുണി വാങ്ങണമെന്ന് നിഷ് കർഷിച്ചി ട്ടില്ല. യൂണിഫോം വിതരണം ചെയ്യുന്നതിന് കമ്പനികളെ എംപാനൽ ചെയ്യുവാൻ വിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യക്ഷനായ ടെണ്ടർ ഫോർമുലേഷൻ ആന്റ് ഇവാല്വേഷൻ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി ടെൻഡർ ക്ഷണിച്ച് യോഗ്യത നേടിയ 7 കമ്പനികളേയും

പൊതു മേഖലാ സ്ഥാപനമായ
നാഷണൽ ടെക്സ്റ്റയിൽസ്
കോർപ്പറേഷനേയും ചേർത്ത് 8
കമ്പനികളെ എംപാനൽ
ചെയ്യുകയുണ്ടായി. സ്കൂൾ അധികൃതർക്ക്
എംപാനൽ ചെയ്ത കമ്പനികളിൽ
നിന്നോ, ഗുണമേന്മ ഉറപ്പുവരുത്തി പൊതു
മാർക്കറ്റിൽ നിന്നോ യൂണിഫോം
തുണിത്തരങ്ങൾ വാങ്ങുന്നതിന്
സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. പൊതു
മാർക്കറ്റിൽ നിന്ന് തുണിത്തരങ്ങൽ
വാങ്ങാനുള്ള അനുവാദം സംബന്ധിച്ച്
കമ്പനികളും, കമ്പനികളിൽനിന്നും
തുണിത്തരങ്ങൽ വാങ്ങുമ്പോൾ
സ്കൂളുകളിൽ ഇപ്പോൾ നിലവിലുള്ള
പാറ്റേണുകൾ ലഭ്യമാകുന്നില്ലെന്ന്
സ്കൂളധികാരികളും ആക്ഷേപം
ഉന്നയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**